**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1905** **31-08-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ ഫിഷറീസ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പ് മാവേലിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; ഇവയിൽ ഭരണാനുമതി നല്കിയവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ? | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1) **ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം മുഖേന നടപ്പാക്കിയ പദ്ധതികൾ**

ജനകീയ മത്സ്യകൃഷി 2021-22 പദ്ധതി പ്രകാരം ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ശാസ്ത്രീയ ശുദ്ധജല മത്സ്യകൃഷി - 10.5 ഹെക്ടർ
2. ഒരു നെല്ലും ഒരു മീനും പദ്ധതി - 800 ഹെക്ടർ
3. റീ-സർക്കുലേറ്ററി അക്വാകള്ച്ചർ സിസ്റ്റം - 6 യൂണിറ്റ്
4. ബയോഫ്ളോക് മത്സ്യകൃഷി - 14 യൂണിറ്റ്
5. വീട്ടുവളപ്പില് കുളങ്ങളിലെ മത്സ്യകൃഷി - 20 യൂണിറ്റ്
6. ശുദ്ധജല കൂട് കൃഷി - 2 യൂണിറ്റ്

മേല്പ്പറഞ്ഞ കാലയളവിൽ ടി പദ്ധതികള്ക്കായി 2021-22 വര്ഷം 65,50,000/- രൂപ മാവേലിക്കര മണ്ഡലത്തില് ചെലവഴിച്ചിട്ടുണ്ട്.

2) **കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

1. **കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

ഈ സർക്കാരിന്റെ കാലയളവിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച് കെ.എസ്.സി.എ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ആധുനിക മത്സ്യമാർക്കറ്റ്, താമരക്കുളം | 227.52 | കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. ലഭ്യമായ ഫണ്ടിംഗ് തുക ലോൺ ആകയാൽ അതാത് ഗ്രാമ പഞ്ചായത്തുമായി റവന്യൂ ഷെയറിംഗ് തിരച്ചടവ് കിഫ്ബി നിഷ്ക്കർഷിച്ചിരുന്നു. ഇതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചു വരികയായിരുന്നു. എന്നാൽ ജനപ്രതിനിധികളുടെ അഭ്യർത്ഥന പരിഗണിച്ചുകൊണ്ട് ഫണ്ടിംഗ് അനുമതി ഗ്രാന്റ് ആയി കണക്കാക്കാവുന്നതാണെന്ന് കിഫ്ബി 04.08.2022-ലെ കത്തിൽ അറിയിച്ചിട്ടുണ്ട്. റവന്യൂ ഷെയറിംഗ് നിബന്ധന കിഫ്ബി ഇപ്പോൾ ഒഴിവാക്കിയ സാഹചര്യത്തിൽ പ്രവൃത്തി ഏർപ്പാടാക്കാവുന്നതാണ്. |
| 2 | ആധുനിക മത്സ്യമാർക്കറ്റ്, മാങ്കാംകുഴി | 176.129 | |

| | | | |
|---|---|---|---|
| | | | ഇതിനായി TS എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

2. **മത്സ്യഫെഡ്**

ഈ സർക്കാരിന്റെ കാലയളവിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ന്റെ ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതിയിൽ മത്സ്യബന്ധന ഉപകരണങ്ങൾക്ക് നൽകിയ വായ്പ | 1.68 |
| 2 | മത്സ്യക്കച്ചവടം ചെയ്യുന്ന വനിതകൾക്കുള്ള പലിശ രഹിത വായ്പ | 17.20 |
| ആകെ | | 18.88 |

ഈ പദ്ധതികൾക്ക് ധനകാര്യ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും ഭരണാനുമതിയുണ്ട്.

3) **ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**

ഈ സർക്കാരിന്റെ കാലയളവിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിന് മാവേലിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച/ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങള് ചുവടെ ചേർക്കുന്നു.

## തീരദേശറോഡുകൾ

| **നം** | **പ്രവൃത്തിയുടെ പേര്** | **തുക** | **നിലവിലുള്ള പുരോഗതി** |
|---|---|---|---|
| 1 | പാലമേൽഗ്രാമപഞ്ചായത്തിലെഇടഞ്ഞയ്യത്ത്ജംഗ്ഷൻചൂരൽവായൽ ഏലാ-മായക്ഷിക്കാവ്റോഡ് | 71.00 ലക്ഷം | കരാർവെച്ച്പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 2 | തെക്കേകരഗ്രാമപഞ്ചായത്തിലെ അത്തോദയംതടിമിൽമുതൽഇടക്കട വ്ട്രാൻസ്ഫോർമർറോഡ് | 68.90 ലക്ഷം | കരാർവെച്ച്പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.. |

**സെക്ഷൻ ഓഫീസർ**